നം.കെ.എസ്.എ-കെ.ടി.എം.പി.6-1964/2018 തീയതി : 29.10.2018

# കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.6.17 മുതൽ 30.09.18 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷൈജു.എസ്., ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഓഡിറ്റിന് വിനിയോഗിച്ച സമയം |
|---|---|
| ശ്രീ.എം. എൻ. രാധാകൃഷ്ണൻ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) | 11.10.2018 മുതൽ 25.10.2018 വരെ |
| ശ്രീ.സുമേഷ് പി.വി,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ | |
| ശ്രീ.യോഗേഷ് .ആർ, ഓഡിറ്റർ | |
| ശ്രീ.ആൽബിൻ സിറിയക്, ഓഡിറ്റർ | |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീ പി വി ഹരിക്കുട്ടൻ (01.04.2017 മുതൽ 31.03.2018 വരെ) |
| സെക്രട്ടറി | ശ്രീമതി മീര എൻ മേനോൻ (01.04.2017 മുതൽ 31.03.2018 വരെ) |

മറ്റു നിർവഹണോദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ചന്ദ്രിക എസ്. | 03.07.17 മുതൽ 01.08.17 വരെ |
| | ജിജിമോൻ എം.റ്റി | 02/09/17 മുതൽ 31/03/18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശോഭിനി റ്റി വി | 01/04/17മുതൽ 3/10/17വരെ |
| | ലില്ലിക്കുട്ടി | 4/10/17മുതൽ 6/10/17വരെ |
| | ഗ്രീഷ്മ ജി | 7/10/17 മുതൽ 5/01/18 വരെ |
| | അഞ്ചു മോഹനൻ | 6/01/18 മുതൽ 7/01/18 വരെ |
| | സെറിൻ വി.ജി | 8/01/18 മുതൽ 31/03/18 വരെ |
| കൃഷിഓഫീസർ | റെയ്ച്ചൽ സോഫിയ അലക്സാണ്ടർ | 01/04/17മുതൽ 31/03/18വരെ |
| വെറ്ററിനറിസർജൻ | ഡോ. ബി അനിൽകുമാർ | 01/04/17മുതൽ 31/03/18വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | മനോജ് കുമാർ എം | 01/04/17മുതൽ 31/03/18വരെ |
| വി.ഇ.ഒ | അനില കെ എസ് | 01/04/17മുതൽ 31/03/18വരെ |
| | ജിഷ പി റ്റി | 01/04/17മുതൽ 27/07/17വരെ |
| | സൂര്യ | 1/08/17മുതൽ 31/03/18വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ജലജകുമാരി | 01/04/17മുതൽ 7/12/17വരെ |
| | ശ്രീമോൾ എസ് | 8/12/17 മുതൽ 31/03/18വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ അലക്സ് തോമസ് | 01/04/17മുതൽ 31/03/18വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ സുധിൻകൃഷ്ണൻ റ്റി | 01/04/17മുതൽ 31/03/18വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. നമിത | 01/04/17മുതൽ 3/12/17വരെ |
| | ഡോ.നിഷ മോഹൻ | 4/12/17 മുതൽ31/03/18വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | മറ്റം മെറിറ്റ് കുര്യൻ | 01/04/17മുതൽ 31/03/18വരെ |
| ഹെഡ് മാസ്റ്റർ | വിജയകുമാർ എം | 01/04/17 മുതൽ 31/03/18വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

| ഖണ്ഡിക | വിഷയം |
|---|---|

| | |
|---|---|
| നമ്പർ | |
| ഭാഗം 1--പൊതു അവലോകനം | |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി |
| 1-8 | ക്ഷേമപദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷികകണക്കുകളുടെ അവലോകനം |
| ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു |
| 2-2 | വസ്തുനികുതി |
| 2-3 | തൊഴിൽ നികുതി ഈടാക്കുന്നില്ല |
| 2-4 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല |
| 2-5 | ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല |
| 2-6 | ലൈസൻസ് പ്രകാരമുള്ള എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി |

| | |
|---|---|
| | ഈടാക്കിയിട്ടില്ല |
| 2-7 | ക്രമവൽക്കരണ ഫീസ് കുറവായി ഈടാക്കുന്നു |
| 2-8 | ടെൻഡർ ഫീസ്--പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാൻ നടപടികൾ സ്വീകരിക്കണം |
| ഭാഗം 3 ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അവലോകനം |
| 3-2 | റോഡ് പ്രവൃത്തികൾ--ബാരൽ വില ഈടാക്കിയിട്ടില്ല |
| 3-3 | കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല |
| 3-4 | അങ്കണവാടി കെട്ടിടനിർമ്മാണം--തുടർ നടപടികളായില്ല |
| 3-5 | അസ്സൽ രസീത് ഹാജരാക്കാതെ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുന്നു |
| 3-6 | വനിതകൾ ഗുണഭോക്താക്കളായുള്ള പ്രോജക്ടുകളിൽ പുരുഷൻമാർക്ക് ആനുകൂല്യം നൽകി |
| 3-7 | വീട്/മുറി നിർമ്മാണം--ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 3-8 | വിനിയോഗവിവരമില്ല--ചെലവ് തടസ്സപ്പെടുത്തുന്നു |
| 3-9 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപം |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം |

| | |
|---|---|
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് |
| അനുബന്ധം 3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് |
| അനുബന്ധം4 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 3609707 | 5194565 | 1584858 | |
| വരവ് | 87936484 | 46737448 | | 41199036 |
| ആകെ | 91546191 | 51932013 | | 39614178 |
| ചെലവ് | 86788500 | 49079697 | | 37708803 |
| നീക്കിയിരിപ്പ് | 4757691 | 2852316 | | 1905375 |

ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകണക്കുകളുമായി കോടികളുടെ വ്യത്യാസമുണ്ട്. പഞ്ചായത്തിന്റെ വരവു ചെലവുകളെ കൃത്യമായി അപഗ്രഥിച്ച് യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളിൽ നിന്നുള്ള ബജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിച്ചതായി കാണുന്നില്ല. വിവിധ നിർവ്വഹണോദ്യോഗസ്ഥർ നൽകിയ ബജറ്റ് നിർദ്ദേശങ്ങൾ 07.03.17 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ വായിച്ച് ചർച്ച ചെയ്യുകയും 17.03.2017 ലെ കമ്മിറ്റിയിൽ ബജറ്റ് അംഗീകരിക്കുകയും ചെയ്തു. ബജറ്റ് തയ്യാറാക്കുന്നതിലും പാസ്സാക്കുന്നതിലും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

2017-18 വാർഷിക ധനകാര്യപത്രിക 14.06.18ൽ ലഭിച്ചിട്ടുണ്ട്. കെ.എസ്.എ.കെ.ടി.എം.പി-6/1189 /2018, തീയതി- 29.06.2018 പ്രകാരം ഓഡിറ്റ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 20.06.18 – 21.06.18 | കെ.എസ്.എ.കെ.ടി.എം.പി6/1189/2018, തീയതി- 29.06.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5194565 |
| വരവ് | 46737448 |
| ആകെ | 51932013 |
| ചെലവ് | 49079697 |
| നീക്കിയിരിപ്പ് | 2852316 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 12704793 | 12704793 | 12704793 | 0 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 3381508 | 3381508 | 3381508 | 0 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 34986 | 34986 | 34986 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1460975 | 1460975 | 1460975 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 2963000 | 2963000 | 2963000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5578948 | 5578948 | 5578948 | 0 |
| എൻ.ആർ.ഇ.ജി.എസ് | 0 | 33864443 | 33864443 | 33864532 | -89 |
| തനത് ഫണ്ട് | 2657097 | 4656749 | 7313846 | 5755696 | 1558150 |
| ലോകബാങ്ക് ധനസഹായം | 0 | 1509018 | 1509018 | 1509018 | 0 |
| ട്രഷറി ടി.എസ്.ബി. (ജനറൽ പർപ്പസ്) | 1622260 | 8714658 | 10336918 | 9763712 | 573206 |
| എസ്.ബി.റ്റി. ലിറ്ററസി | 53924 | 1205 | 55129 | 0 | 55129 |
| എസ്.ബി.റ്റി. ഡിസ്ട്രസ് റിലീഫ് ഫണ്ട് | 9473 | 2806 | 12279 | 0 | 12279 |
| ട്രഷറി എസ്.ബി.റ്റി. ജോയന്റ് വെഞ്ചർ | 42385 | 2111546 | 2153931 | 2305822 | -151891 |
| കറന്റ് അക്കൗണ്ട് | 0 | 28058 | 28058 | 0 | 28058 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 38318900 | 38318900 | 38318900 | 0 |
| കാഷ് (തനത് ഫണ്ട്) | 42741 | 49192100 | 49234841 | 49173345 | 61496 |

## 1-6 പദ്ധതിഅവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 150 | 128 | 22 | 50627364 | 31239083 | 61.70 |

2017-18 വാർഷിക പദ്ധതിക്ക് ഉത്തരവ് നം. 490/2017/DPC/DPO/KTM തീയതി 31.03.2018 പ്രകാരം അംഗീകാരം ലഭിച്ചു.

<u>പദ്ധതി ആസൂത്രണം</u>

വർക്കിങ് ഗ്രൂപ്പ് യോഗങ്ങൾ 21.02.2017 ലും പദ്ധതി ആസൂത്രണഗ്രാമസഭകൾ 5.04.2017 മുതൽ 10.04.2017 വരെയുള്ള തീയതികളിലും ഭിന്നശേഷിക്കാരുടെ ഗ്രാമസഭ 11.4.17 ലും മത്സ്യഗ്രാമസഭ 21.4.17 ലും വികസനസെമിനാർ 26.04.2017ലും കൂടിയിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി 19.01.18 ൽ ടൂറിസം ഗ്രാമസഭയും ചേർന്നു.

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പാക്കിയ പ്രോജക്ടുകൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷിഓഫീസർ | 11 | 11 | 2642249 | 1842830 | 69.7 |
| വെറ്ററിനറി സർജൻ | 6 | 5 | 2450800 | 954500 | 38.94 |
| സെക്രട്ടറി | 22 | 20 | 7863645 | 4491006 | 57.11 |
| അസിസ്റ്റന്റ് സെക്രട്ടറി | 4 | 4 | 524425 | 482540 | 92 |
| വി.ഇ.ഒ | 19 | 17 | 11366617 | 5292986 | 46.56 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 10 | 9 | 1672282 | 1538895 | 92 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 4 | 4 | 595000 | 593198 | 99.6 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 200000 | 200000 | 100 |
| സബ് ഇൻസ്ട്രക്ടർ ഫിഷറീസ് | 3 | 3 | 276920 | 176920 | 63.8 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5 | 3335363 | 3232187 | 96.9 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 60 | 44 | 18431753 | 11178911 | 60.6 |

| | | | | | |
|---|---|---|---|---|---|
| ഹെഡ് മാസ്റ്റർ | 4 | 4 | 768310 | 755110 | 98.2 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 500000 | 500000 | 100 |
| ആകെ | 150 | 128 | 50627364 | 31239083 | 61.7 |

ആരോഗ്യമേഖലയിൽ സമഗ്രമായ മാറ്റത്തിനുതകുന്ന നിരവധി പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. ഇ.സി.ജി മെഷീൻ വാങ്ങൽ, ഹെമറ്റോളജി അനലൈസർ വാങ്ങൽ, ക്യാൻസർ പരിശോധനാ ക്യാമ്പ്, പി.എച്ച്.സി ലാബ് നവീകരണം,പി.എച്ച്.സി നവീകരണം,ആയുർവേദാശുപത്രി നവീകരണം, മൃഗാശുപത്രി നവീകരണം, വനിതകൾക്ക് യോഗപരിശീലനം, തിരക്ക് നിയന്ത്രിക്കാൻ ആയുർവ്വേദ ആശുപത്രിക്ക് ടോക്കൺ ഡിസ്പ്ലേ തുടങ്ങിയവ പ്രത്യേക പരിഗണനയർഹിക്കുന്ന പ്രോജക്ടുകളാണ്.

വിദ്യാഭ്യാസമേഖലയിൽ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്ന "അമ്മ മധുരം", പഞ്ചായത്തുതല സ്കോളർഷിപ്പ്, വിവിധ സ്കൂളുകളുടെ നവീകരണം, സ്കൂളുകൾക്ക് ടോയ് ലറ്റ്, തുടങ്ങിയ പ്രോജക്ടുകൾ നടപ്പിലാക്കി. ഉണർവ് സ്കോളർഷിപ്പ് പദ്ധതിയുടെ ഭാഗമായി 01.07.2017 ൽ ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലെ അദ്ധ്യാപകരെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തിയ അദ്ധ്യാപക കൂട്ടായ്മ ശ്രദ്ധേയമായി. വനിതകൾക്ക് കരാട്ടെ പരിശീലനം, പ്ലാസ്റ്റിക് വേസ്റ്റ് സംസ്കരണം എന്നിവയും എടുത്ത് പറയേണ്ട പ്രോജക്ടുകളാണ്.

വിവിധ സ്രോതസ്സ് തിരിച്ചുള്ള വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്രോതസ്സ് | വകയിരുത്തിയതുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട്(ജനറൽ) | 13630063 | 12704793 | 93.2 |
| വികസനഫണ്ട്(എസ്.സി.പി) | 5147450 | 3381508 | 65.69 |
| വികസനഫണ്ട്(റ്റി.എസ്.പി) | 35000 | 34986 | 99.9 |
| ധനകാര്യ കമ്മീഷൻഗ്രാന്റ് | 9463088 | 5578948 | 58.9 |
| ലോകബാങ്ക് സഹായം | 1801497 | 1509018 | 83.76 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 547957 | 324779 | 59.2 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2312500 | 0 | 0 |
| തനത് ഫണ്ട് | 2309899 | 1074279 | 46.5 |
| ബ്ളോക്ക് വിഹിതം | 992385 | 847750 | 85.4 |
| ജില്ലാപഞ്ചായത്ത് വിഹിതം | 1678320 | 553486 | 32.9 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 2899596 | 1460975 | 50.3 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 4012122 | 2963000 | 73.8 |
| മറ്റുള്ളവ | 5797487 | 805561 | 13.8 |

| | | | |
|---|---|---|---|
| ആകെ | 50627364 | 31239083 | 61.7 |

ലഭ്യമായ ഫണ്ടുകളിൽ വികസനഫണ്ട് (എസ്.സി.പി) യുടെ ചെലവ് 65.69 ശതമാനവും സംരക്ഷണഗ്രാന്റ് (റോഡ്) ഇനത്തിലെ ചെലവ് 50.3 ശതമാനവും മാത്രമാണ്. അംഗീകാരം കിട്ടിയ എല്ലാ പ്രോജക്ടുകളും നടപ്പാക്കാനും ലഭ്യമാകുന്ന സർക്കാർ ധനസഹായം പൂർണ്ണമായും വിനിയോഗിക്കുന്നതിനും തുടർന്നുവരുന്ന വാർഷിക പദ്ധതികളിൽ ശ്രദ്ധിക്കേണ്ടതാണ്. തനതുഫണ്ടിനത്തിലും ജില്ലാപഞ്ചായത്ത് വിഹിതം ഇനത്തിലും വകയിരുത്തിയ തുകകളുടെ പകുതിപോലും ചെലവഴിക്കാനായില്ല. സംസ്ഥാനവിഹിതമിനത്തിൽ 2312500 രൂപ വകയിരുത്തിയെങ്കിലും തുക ലഭ്യമാകുകയോ ചെലവഴിക്കുകയോ ചെയ്തില്ല. അടങ്കൽ ഉയർന്നിരുന്നതിനാൽ ചെലവ് ശതമാനം 61 ൽ ഒതുങ്ങി.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 0 | 1252889.30 | 1252889.30 | 1252978.30 | -89 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 32611553.70 | 32611553.70 | 32611553.70 | |
| ആകെ | 0 | 33864443 | 33864443 | 33864532 | -89 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 146040 | 244 |
| കർഷകതൊഴിലാളി പെൻഷൻ | 3840300 | 324 |
| വിധവാപെൻഷൻ | 6018100 | 510 |
| വാർദ്ധക്യകാലപെൻഷൻ | 24857900 | 2196 |
| വികലാംഗപെൻഷൻ | 2958400 | 258 |
| അവിവാഹിത പെൻഷൻ | 368300 | 43 |
| വിവാഹ ധന സഹായം | 90000 | 3 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.10.18 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 7469/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

മാന്വൽ ഭാഗം 1 അനുബന്ധം ബി യിലെ ചോദ്യാവലി അടിസ്ഥാനമാക്കി മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പരിശോധിച്ചു. ഭേദപ്പെട്ട ഒരു

ആഭ്യന്തരനിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനില്ക്കുന്നതായി കാണുന്നു. ഭരണസമിതി കൃത്യമായ ഇടവേളകളിൽ ഓഫീസ് ജീവനക്കാരുടെ യോഗം വിളിച്ച് നിർദേശങ്ങൾ നല്കുകയും അതിൻ പ്രകാരമുള്ള ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ഓഫീസ് മേധാവി ജീവനക്കാർക്ക് ജോലികൾ കൃത്യമായി വിഭജിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് ജനറൽ കമ്മിറ്റി, വിവിധസ്റ്റാന്റിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് എഴുതി സൂക്ഷിക്കുന്നുണ്ട്.

ക്യാഷ്ബുക്ക്, ഡേബുക്ക് എന്നിവ പ്രതിദിനം പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ബാങ്ക് ബുക്ക് ആവശ്യപ്പെട്ടപ്പോൾ മാത്രമാണ് പ്രിന്റ് എടുത്ത് ലഭ്യമാക്കിയത്. സാംഖ്യസ്റ്റേഷനറി, രസീതുബുക്കുകൾ എന്നിവയും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിപാലിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ഇതിൽ ജീവനക്കാരുടെ പ്രതിദിന ഡ്യൂട്ടിവിവരം രേഖപ്പെടുത്തുന്നുണ്ട്.

എല്ലാ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കളക്ഷൻ തുകകൾ കൃത്യ സമയത്ത് തന്നെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്നുണ്ട്. ആയത് മേൽപരിശോധന നടത്തുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്ക്/ഡി.ഡി. കൾ സമയബന്ധിതമായി ബാങ്കിൽ നിക്ഷേപിക്കുന്നുണ്ട്. പണം സ്വീകരിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും സുരക്ഷിതമായ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പണമിടപാടുകൾക്ക് മെഷീൻ പ്രിന്റ് ചെയ്ത രസീതുകൾ ഉപയോഗിക്കുന്നു. കമ്പ്യൂട്ടർ സ്റ്റേഷനറി സ്റ്റോക്കിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്.

എല്ലാ ചെലവുകൾക്കും കൃത്യമായി വൗച്ചറുകൾ സൂക്ഷിച്ചിട്ടുണ്ട്. നികുതികൾ കൃത്യസമയത്ത് ഡിമാന്റ് ചെയ്യുകയും കുടിശിക പിരിച്ചെടുക്കുന്നതിന് ശ്രമം നടത്തുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച എം.ബുക്കും ഫയലുകളും ശരിയായി സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് |
|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.05.18 | 04/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.14 | 07-08 മുതൽ 11-12 വരെ. |

## 1-12 വാർഷികകണക്കുകളുടെ അവലോകനം

2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ ഓഡിറ്റ് സമയത്ത് നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. സർക്കാർ ഉത്തരവ് (എംഎസ്)152/2011/തസ്വഭവ തീയതി 26.07.2011 പ്രകാരം മുൻവർഷത്തേതുൾപ്പെടെയുള്ള ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
2. ട്രാൻസാക്ഷനില്ലാത്ത നിരവധി അക്കൗണ്ടുകൾ ക്ളോസ് ചെയ്തിട്ടില്ല.

| അക്കൗണ്ട് നം. | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 67381163859 എസ്ബിറ്റി | ഐസിഡിഎസ് | 212903 |
| 5441 SCB | M.N.ലക്ഷം വീട് | 205472 |

| | | |
|---|---|---|
| 57066570802 SBI | OAP | 154 |
| 67012192758 SBI | SSA | 41426 |

3. ബി-4 ഷെഡ്യൂൾ പ്രകാരം നിരവധി തുകകൾ ലയബിലിറ്റിയായി ബുക്ക് ചെയ്തിട്ടുണ്ട്. അതിന്റെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. നീക്കിയിരിപ്പിന്റെ കൃത്യത വ്യക്തമല്ല.
4. ഡെപ്പോസിറ്റ് തുകകളുടെ പ്രാരംഭബാക്കിയുടെ കൃത്യത വ്യക്തമല്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പ്രാരംഭബാക്കിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
5. ബി-9 ഷെഡ്യൂളിൽ 350200115 എന്നതിൽ 'Dues to other Panchayat' എന്ന ഇനത്തിൽ 2,000/- രൂപ വർഷങ്ങളായി ലയബിലിറ്റിയായി ബുക്ക് ചെയ്തിട്ടുണ്ട്. ആയത് ക്രമീകരിച്ചിട്ടില്ല.

   'Other recoveries from employees' എന്ന ശീർഷകത്തിന്റെ ലെഡ്ജറിൽ ഉൾപ്പെട്ടിരുന്ന 1,693/- രൂപയുടെ കൃത്യത വ്യക്തമല്ല.
6. മുൻ വാർഷിക ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം പ്രൊഫഷൻ ടാക്സ് ഇനത്തിൽ കിട്ടാനുള്ളത് 12,500/- രൂപയാണ്. എന്നാൽ തൻവർഷം കുടിശിക ഇനത്തിൽ RP-43യിൽ 14,350/- രൂപ വരവുണ്ട്.
7. ബി-15 ഷെഡ്യൂളിൽ ഡി & ഒ ഫീസ് ഇനത്തിൽ 500/- രൂപ കിട്ടാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.
8. വസ്തുനികുതി ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ സഞ്ചയയുമായി പൊരുത്തപ്പെടുന്നില്ല.
9. വാർഷിക കണക്കുകൾ I-6, I-14(d) എന്നിവ പ്രകാരം 'pension for unmarried women ages above 50' എന്ന ഇനത്തിൽ ചെലവ് 3,68,300/- രൂപയാണ്. എന്നാൽ സേവനയിൽ നിന്നുള്ള പത്രിക പ്രകാരം അത് 50,72,000/- രൂപയാണ്.
10. RP-4 ഇനത്തിലുള്ള മറ്റ് വരവുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല.
11. തൻവർഷ കുടിശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തി I-16 ഷെഡ്യൂൾ തയ്യാറാക്കിയിട്ടില്ല.
12. ലൈഫ് ഭവനപദ്ധതിയ്ക്കായി (റവന്യൂ ചെലവ്) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ ബാക്കിയുള്ള 5,39,358/- രൂപ ബി.4 ഷെഡ്യൂളിൽ ബാലൻസായി ഉൾപ്പെടുത്തിയിട്ടില്ല
13. MGNREGS ഇനത്തിൽ കാലഹരണപ്പെട്ട 500/- രൂപയുടെ ചെക്ക് (നം.21700129/15.5.17) Liability in respect of stale cheque' എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. പകരം 31.03.18-ൽ ആയത് തെറ്റായി അക്കൗണ്ടിലേക്ക് വരവു വെച്ചു.
14. വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 കാലാവധി കഴിഞ്ഞിട്ടും പണമാക്കാത്ത ചെക്കുകൾ അക്കൗണ്ടിൽ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽനിന്ന് നൽകിയ കാലാവധി കഴിഞ്ഞതും പണമാക്കാത്തതുമായ ചെക്കുകൾ അക്കൗണ്ടിൽ തിരികെ വരവു വയ്ക്കേണ്ടതാണെന്ന് 2011 ലെ കേരള പഞ്ചായത്ത്രാജ് (അക്കൗണ്ടിംഗ്)

ചട്ടങ്ങൾ ചട്ടം-46 ൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. 30.09.2018-ൽ നടത്തിയ തനതുഫണ്ട് അക്കൗണ്ടിന്റെ റിക്കൺസിലിയേഷൻ പത്രിക പ്രകാരം തിരികെ അക്കൗണ്ടിൽ വരവുവെയ്ക്കേണ്ടതായ ചെക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ചെക്ക് നമ്പർ/ തീയതി | തുക (രൂപ) |
|---|---|---|
| മറവൻതുരുത്ത് എസ്.സി.ബി-76 | 5884//16.06.18 | 1000 |
| മറവൻതുരുത്ത് എസ്.സി.ബി-76 | 5885//16.6.18 | 1000 |
| മറവൻതുരുത്ത് എസ്.സി.ബി-76 | 5850//23.05.18 | 1000 |
| മറവൻതുരുത്ത് എസ്.സി.ബി-76 | 5853//25.05.18 | 1000 |
| മറവൻതുരുത്ത് എസ്.സി.ബി-76 | 787216//26.03.18 | 4000 |

ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഈ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചേയ്യേണ്ടതുമാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി

1.വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ ഇളവ് നൽകിയത്

2017-18 വർഷം ശ്രീ.സുമേഷ്, കുളങ്ങരച്ചിറയിൽ (വീട്ട് നം.XIII/307A), ശ്രീ.പ്രദീപൻ, കളത്തിൽ (വീട്ട് നം.XIII/336A) എന്നിവർക്ക് നികുതി നിശ്ചയിച്ച് വീട്ട് നമ്പർ നൽകിയിട്ടുണ്ട്. ടി വ്യക്തികളുടെ നികുതി നിർണ്ണയം സംബന്ധിച്ച ഫോറം 6 പരിശോധിച്ചതിൽ രണ്ടിലും വീട് സ്ഥിതി ചെയ്യുന്ന റോഡിന്റെ പേര് "ടോൾ- ചെമ്മനാകരി റോഡ്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ വഴിസൗകര്യത്തിന് അനുവദിച്ചിരിക്കുന്ന 10% ഇളവ് ശ്രീ.സുമേഷ് കുളങ്ങരച്ചിറയിലിന് നൽകിയിട്ടുണ്ട്. ശ്രീ.പ്രദീപൻ കളത്തിലിന് ഇളവൊന്നും നൽകിയിട്ടുമില്ല. ആയതിനാൽ ഒരേ റോഡിന്റെ വശങ്ങളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങൾക്ക് വ്യത്യസ്ത രീതിയിൽ നികുതി നിർണ്ണയിച്ചത് സംബന്ധിച്ച് പരിശോധന നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതും കൂടുതൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിൽ ഇത്തരത്തിലുള്ള അപാകത സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുമാണ്.

2.വിമുക്തഭടന്മാരുടെ ഭവനത്തിന് വസ്തുനികുതി ഇളവ്-രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ ഓരോ വർഷവും വിമുക്തഭടന്മാരുടെ ഭവനങ്ങൾക്ക് വസ്തുനികുതി ഇളവ് നൽകുന്നുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 02.07.2013 ലെ ജി.ഒ (എം.എസ്) 242/2013/ത.സ്വ.ഭ.വ ൽ ഇളവ് സംബന്ധിച്ച് പ്രത്യകം രജിസ്റ്റർ സൂക്ഷിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണോ ഇളവ് നൽകുന്നതെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ആയതിനാൽ ഇപ്രകാരം ഇളവ് നൽകുന്നത് സംബന്ധിച്ച് വിശദാംശങ്ങൾ ഉൾപ്പെടുത്തി ഒരു രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി ഈടാക്കുന്നില്ല

1996 ലെ KPR (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടേയും സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ പരിശോധനക്കായി ഹാജരാക്കിയ രജിസ്റ്ററുകൾ റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ നിന്ന് പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും

ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | അടയ്ക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കെ.ജി.പി കൺസ്ട്രക്ഷൻ | 1 |
| 2 | ജെന്റിൽമാൻ എന്റർപ്രൈസസ് | 1,2 |
| 3 | മഹാലക്ഷ്മി ഫിനാൻസിയേഴ്സ് | 1,2 |
| 4 | വിഷ്ണു എന്റർപ്രൈസസ് | 1,2 |
| 5 | സബ് ഗ്രൂപ്പ് ഓഫീസർ | 2 |
| 6 | ശാരദ ലക്ഷ്മി വുഡ് ക്രാഫ്റ്റ് | 1,2 |
| 7 | ക്ഷീരോത്പാദക സഹകരണ സംഘം, ലിമിറ്റഡ്, 43 ബി | 1,2 |

ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-4 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ 2017-18 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കാത്ത അർദ്ധ വർഷം |
|---|---|---|
| 1 | മഹാലക്ഷ്മി ഫിനാൻസ് | 1,2 |
| 2 | വിഷ്ണു ഇൻഡസ്ട്രീസ് | 1,2 |

ടി സ്ഥാപനങ്ങളിൽ നിന്നും വിറ്റുവരവിന് ആനുപാതികമായ സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5 ലൈസൻസ് അപേക്ഷകളിൽ ജീവനക്കാരുടെ എണ്ണം ലഭ്യമായിരുന്നിട്ടും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന താഴെകൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ/ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഡി & ഒ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം സ്ഥാപനത്തിൽ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് സംബന്ധമായ രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | ബി.സി.എഫ് നഴ്സിംഗ് കോളേജ്, (ക്യാന്റീൻ) | 4 |

| | | |
|---|---|---|
| 2 | പി.വി.എം സൂപ്പർ മാർക്കറ്റ്, മറവൻതുരുത്ത് | 3 |
| 3 | ഓറിയൺ ഗ്രൂപ്പ്, മറവൻതുരുത്ത് | 6 |
| 4 | ഓറിയൺ ഏജൻസീസ്, മറവൻതുരുത്ത് | 6 |
| 5 | റൊസാരിയം കളക്ഷൻസ് | 4 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/24.10.18) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാനുള്ള ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(1), (i) (ii) (iii) പ്രകാരം ഒരു വ്യക്തി ഓരോ അർദ്ധവർഷവും തുടർച്ചയായോപലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്യുമ്പോഴും ഒരു കമ്പനി അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുമ്പോഴും ഒരുവ്യക്തി തൊഴിൽ, കല, ബിസിനസ്സ്, ജോലി എന്നിവയിലേതെങ്കിലും ഏർപ്പെടുമ്പോഴും വ്യക്തിക്ക് മുതൽ മുടക്കുകളിൽ നിന്ന് ആദായം ലഭിക്കുമ്പോഴും തൊഴിൽ നികുതിക്ക് വിധേയമാകുന്നതാണ്. പഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ സ്ഥാപനങ്ങളിലെയും നിയമാനുസൃത ഇളവുകളില്ലാത്ത ജീവനക്കാരെ തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതാണ്. മെഡിക്കൽ സ്റ്റോറുകളിലെ ജീവനക്കാർ, പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തി കരാറുകാർ തുടങ്ങിയവരെയും തൊഴിൽനികുതി പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

## 2-6 ലൈസൻസ് അപേക്ഷ പ്രകാരമുള്ള എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

സ്ഥാപനത്തിന്റ 2017-18 സാമ്പത്തിക വർഷത്തെ ഡി & ഒ ലൈസൻസ് സംബന്ധമായ അപേക്ഷകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവ തൊഴിൽ നികുതി രേഖകളുമായി ഒത്ത് നോക്കി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ലയെന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ജീവനക്കാരുടെ എണ്ണം (ലൈസൻസ് അപേക്ഷ പ്രകാരം) | തൊഴിൽ നികുതി ഒടുക്കിയ ജീവനക്കാരുടെ എണ്ണം (തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം) |
|---|---|---|---|
| 1 | റാവൂസ് സൂപ്പർ മാർക്കറ്റ് | 13 | 9 |
| 2 | ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ, ചെമ്മനാകരി | 246 | 238 |
| 3 | ക്യാൻറ്റീൻ, ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ, ചെമ്മനാകരി | 15 | 13 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം7/24.10.18 ) ലഭ്യമാക്കിയ മറുപടി പ്രകാരം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്ന എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് അപേക്ഷ പ്രകാരമുള്ള എല്ലാ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കി വിവരം

അറിയിക്കേണ്ടതാണ്.

## 2-7 ക്രമവല്ക്കരണ ഫീസ് കുറവായി ഈടാക്കുന്നു

തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി)സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലൂടെ പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമാകുന്ന ക്രമവല്ക്കരണ കേസുകളിൽ രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കി വരുന്നത്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, വിലാസം | വിസ്തീർണ്ണം (ച.മീ) | ഉപയോഗക്രമം | ക്രമവല്ക്കരണത്തിന് ഈടാക്കേണ്ട ഫീസ് | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| മുഹമ്മദ്.റ്റി.എ തോപ്പിൽ താഴ്ചയിൽ മറവൻതുരുത്ത് | 166.7 | വാസഗൃഹം | 166.7X9=1500 | 166.7X6=1000 | 500 |
| കുര്യൻ അന്തോണി പുത്തൻപുരയിൽ കുലശേഖരമംഗലം | 189.72 | വാസഗൃഹം | 189.72X9=1707 | 189.72X6=1138 | 569 |
| സുഗുണൻ & അംബിക പൂവനേഴത്ത് മറവൻതുരുത്ത് | 209.97 | വാസഗൃഹം | 209.97X9=1890 | 209.97X6=1260 | 630 |

ഇപ്രകാരം ഫീസ് കുറവായി ഈടാക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.1) മറുപടിയായി കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ 2011 പ്രകാരമാണ് പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കിയിട്ടുള്ളതെന്നും മേലിൽ ഫീസ് കൃത്യമായി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെർമിറ്റ് എടുക്കാതെ പൂർണ്ണമായും ക്രമവല്ക്കരിക്കുന്ന കേസുകളിൽ പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും ഈടാക്കണമെന്ന തദ്ദേശ സ്വയംഭരണ വകുപ്പ് (അർ.ഡി) സെക്രട്ടറിയുടെ 229813/ആർ.ഡി -2/15 നമ്പർ കത്തിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 2-8 ടെൻഡർ ഫീസ്- പഞ്ചായത്ത് ഫണ്ടിൽ വരവ് വയ്ക്കാൻ നടപടികൾ സ്വീകരിക്കണം

2017-18 വർഷം ഇ-ടെൻഡർ ചെയ്ത ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ ടെൻഡർ ഫീസ് തുകകൾ പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര് | എസ്റ്റിമേറ്റ് തുക | ടെൻഡറുകളുടെ എണ്ണം | ടെൻഡർ ഫീസ് നിരക്ക് | ആകെ |
|---|---|---|---|---|
| വിവിധ സ്കൂളുകളുടെ നവീകരണം | 871677 | 2 | 2100 | 4200 |

| | | | | |
|---|---|---|---|---|
| തോടുകൾ ആഴം കൂട്ടൽ | 545379 | 4 | 1300 | 5200 |
| അറുപതിൽ വഞ്ചിയിൽ റോഡ് റീടാറിഗ് | 551938 | 2 | 1300 | 2600 |
| പൊതുകുളം സംരക്ഷണം | 813571 | 2 | 2000 | 4000 |
| ഇത്തിപ്പുഴ തോട് കലുങ്ക് നിർമ്മാണം | 728155 | 2 | 1700 | 3400 |
| ആകെ | | | | 19400 |

ടെൻഡർ ഫീസ് തുക പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അവലോകനം

1.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

കൃത്യമായി യോഗം ചേർന്ന് കണക്കുകൾ പരിശോധിക്കുകയും ബഡ്ജറ്റുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രതീക്ഷിത വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ചകൾ നടത്തിയിട്ടില്ലായെന്ന് കാണുന്നു. വിമുക്ത ഭടൻമാർക്കും അവരുടെ ആശ്രിതർക്കും വസ്തുനികുതി ഒഴിവ്, നികുതി പിരിവ് പുരോഗതി, എന്നീ വിഷയങ്ങൾ മാത്രമാണ് സ്റ്റാന്റിംഗ്കമ്മിറ്റി ചർച്ച ചെയ്തിട്ടുള്ളത്. പ്രോജക്ടുകളുമായി ബന്ധപ്പെട്ട ധനപരമായ വിഷയങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതും ധനകാര്യ സ്റ്റാന്റിംഗ്കമ്മിറ്റിയുടെ കീഴിൽ വരുന്ന എല്ലാ വിഷയങ്ങളും ചർച്ച ചെയ്ത് തീരുമാനം എടുക്കുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

2. വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

ചുമതലയിൽപ്പെട്ട എല്ലാ വിഷയങ്ങളും പ്രോജക്ട് അവലോകനവും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ എ.ഇ നിർവ്വഹണം നടത്തിയ സ്പിൽ ഓവർ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിൽ സ്റ്റാന്റിംഗ്കമ്മിറ്റി വേണ്ട ശ്രദ്ധ ചെലുത്തിയിട്ടില്ല എന്ന് കാണുന്നു.

3. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി

വിവിധ ക്ഷേമപെൻഷനുകളുമായി ബന്ധപ്പെട്ട വിശദമായ ചർച്ചകൾ പ്രതിമാസ യോഗങ്ങളിൽ വന്നിട്ടുള്ളതും അനർഹരെ ഒഴിവാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

4.ആരോഗ്യ വിദ്യാഭ്യാസസ്റ്റാന്റിംഗ് കമ്മറ്റി

പ്രവർത്തനം തൃപ്തികരമാണ്. പ്രതിമാസ യോഗങ്ങൾ ചേർന്ന് ചുമതലകൾ നിർവ്വഹിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. മഴക്കാല പൂർവ്വ പ്രതിരോധ പ്രവർത്തനം, പാലിയേറ്റീവ് കെയർ പദ്ധതി എന്നിവ കൃത്യമായി വിശകലനം ചെയ്തിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ നൂതനമായ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യകം ശ്രദ്ധിച്ചിട്ടുണ്ട്.

## 3-2 റോഡ് പ്രവൃത്തികൾ-ബാരൽ വില ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ 2017-18 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളിൽ ഉപയോഗിച്ചിട്ടുള്ളത് വി.ജി.30 ഗ്രേഡ് ബിറ്റുമിൻ ആണ്. DSR

പ്രകാരമുള്ള എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തുക സീൽഡ് ബിറ്റുമിന്റേതാണ്. ഈ സാഹചര്യത്തിൽ പ്രവൃത്തി പൂർത്തിയാകുന്ന മുറക്ക് ബാരൽ മടക്കി വാങ്ങുകയോ അല്ലെങ്കിൽ ആയതിന്റെ വില (238 രൂപ ) ബില്ലിൽ കുറച്ച ശേഷം കരാറുകാരന് തുക നൽകുകയോ ചെയ്യേണ്ടതായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയ ടാറിംഗ് വേലകളുടെ ബില്ലിൽനിന്നും മേൽപ്പറഞ്ഞപ്രകാരം ബാരൽവില ഈടാക്കിയിട്ടില്ല.

| പ്രോജക്ട് നം, പേര് | കരാറുകാരൻ | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ബാരലിന്റെ എണ്ണം | കുറവ് ചെയ്യേണ്ട തുക |
|---|---|---|---|---|
| 138/18 കോതാലിത്താഴം-നാഗാലയം റോഡ് ടാറിംഗ് | കൃഷ്ണകുമാർ .ജി | SS1-348.84kg<br>RS1-112.86kg<br>S65-865.94kg | 2<br>1<br>6 | 2142 |
| 139/18 കോളത്തറ റോഡ് ടാറിംഗ് | പ്രകാശ്കുമാർ .ഡി | SS1-198.05kg<br>RS1-64.075kg<br>S65-491.63kg | 2<br>1<br>3 | 1428 |
| 128/18 മണലേൽ കടവ് ആർത്തിപുറവേലി റോഡ് ടാറിംഗ് | ബൈജു എം മാണി | SS1-437.33kg<br>RS1-141.49kg<br>S65-1085.6kg | 5<br>1<br>7 | 3094 |
| 140/18 മണലേൽ കടവ് ആർത്തിപുറവേലി റോഡ് ടാറിംഗ്, രണ്ടാം ഘട്ടം | സിബിരാജ് സി മാത്യു | SS1-283.48kg<br>RS1-91.71kg<br>S65-703.69kg | 2<br>1<br>5 | 1904 |
| 131/18 ഇത്തിപ്പുഴ ചാലുകടവ് റോഡ് ടാറിംഗ് | സിബിരാജ് സി മാത്യു | SS1-533.63kg<br>RS1-172.65kg<br>S65-1324.65kg | 3<br>1<br>8 | 2856 |
| 120/18 മേക്കര കടത്ത്കടവ് റോഡ് ടാറിംഗ് | റ്റി എസ് അശോകൻ | RS1-209.30kg<br>S65-2240.98kg | 2<br>14 | 3808 |
| 137/18 വാഴേകാട് വല്ലേത്തറ റോഡ് ടാറിംഗ് | റ്റി എസ് അശോകൻ | SS1-482.04kg<br>RS1-155.95kg<br>S65-1196.58kg | 3<br>1<br>8 | 2856 |
| 129/17 ചെമ്മനാകരി കയർസംഘം റോഡ് ടാറിംഗ് | അരുൺകുമാർ എ.വി | SS1-145.43kg<br>RS1-47.05kg<br>S65-361.02kg | 1<br>1<br>3 | 1190 |
| 127/17 എസ്.എൻ.ഡി.പി ചരുവിൽ റോഡ് ടാറിംഗ് | പി.പി ചാക്കോ | SS1-223.13kg<br>RS1-72kg<br>S65-553.88kg | 2<br>1<br>4 | 1666 |

| | | | | |
|---|---|---|---|---|
| | | ആകെ | | 20944 |

ബാരൽ വില കുറവ് ചെയ്യാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിനാൽ ഗ്രാമപഞ്ചായത്ത് കരാറുകാരന് അധികം തുക നൽകുവാൻ ഇടയായിട്ടുണ്ട്. ആകെ അധികം നൽകിയ തുക 20944/-രൂപ കരാറുകാരനിൽ നിന്നോ ബിൽ തുക നൽകിയ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

## 3-3 കരാർ ലംഘനം നടത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിച്ചില്ല.

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്താനുദ്ദേശിച്ചിരുന്ന മൂന്ന പ്രോജക്ടുകൾ തൻവർഷം സ്പിൽ ഓവറായി തുടർന്നു. എന്നാൽ ടെണ്ടർ നടപടികൾക്കുശേഷം ഗ്രാമപഞ്ചായത്തുമായി കരാറിലേർപ്പെട്ട് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത ശേഷം കരാറുകാരനായ ശ്രീ സുഹാസ്, സുർജിത് ഭവൻ, കാഞ്ഞിരമറ്റം എന്നയാൾ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ വലിയ വീഴ്ച വരുത്തി. പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | അടങ്കൽ | സുഹാസ് സമർപ്പിച്ച ടെണ്ടർ | തൊട്ടടുത്ത കരാറുകാരൻ സമർപ്പിച്ചത് | കരാർ നമ്പർ തീയതി |
|---|---|---|---|---|---|
| 121/18 | കൊട്ടപ്പള്ളി കലുങ്ക് അറ്റകുറ്റപ്പണി | 135241 | .5 % താഴെ | 5% കൂടുതൽ | 35/AE/LSGD /MPT/16-17, 31.3.17 |
| 109/17 | അംഗനവാടികളുടെ നവീകരണം | 181000 | എസ്റ്റിമേറ്റ് നിരക്ക് | 5% കൂടുതൽ | 24/AE/LSGD /MPT/16-17, 17.3.17 |
| 123/17 | പഞ്ചായത്ത് ഓഫീസ് നവീകരണം | 499000 | .5 % താഴെ | 7.2% കൂടുതൽ | 34/AE/LSGD /MPT/16-17, 31.3.17 |

പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി 31.3.17 ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നുള്ള നിരന്തരമായ കത്തിടപാടുകളെ തുടർന്ന് 15.1.18 ൽ കരാറുകാരൻ പ്രവൃത്തി ആരംഭിക്കുകയും 17-18 ൽ പാർട്ട് ബിൽ നൽകുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം കരാറുകാരൻ ടി പ്രവൃത്തി പൂർത്തീകരിച്ചതായി സൈറ്റ് പരിശോധിച്ചപ്പോൾ ബോദ്ധ്യമായി. നിയമാനുസൃത ഫൈൻ ഈടാക്കിയതിനു ശേഷം മാത്രമേ ഫൈനൽ ബിൽ നൽകാവൂ.

മറ്റ് രണ്ട് പ്രവൃത്തികൾക്കും 16-17 ൽ കരാറിലേർപ്പെട്ട് സൈറ്റ് ഹാൻഡോവർ ചെയ്തിട്ടുണ്ട്. എന്നാൽ സൈറ്റ് ഹാൻഡോവർ ചെയ്ത തീയതി രേഖപ്പെടുത്തിയിട്ടില്ല. ആയത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുണ്ടായ അപാകതയാണ്. 17.8.17 ൽ രജിസ്റ്റേഡ് കത്ത് നൽകിയിട്ടും കരാറുകാരൻ പ്രവൃത്തി ആരംഭിക്കാത്തതിനാൽ 29.8.17 ൽ 1/AE-LSGD/MPT/17-18 നമ്പർ കത്തു മുഖേന അസിസ്റ്റന്റ് എഞ്ചിനീയർ വിവരം വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയെയും പ്രസിഡന്റിനെയും അറിയിച്ചു. 15.12.17 ൽ ചേർന്ന ഗ്രാമപഞ്ചായത്തിന്റെ 1(1) നമ്പർ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി അടിയന്തിരമായി ആരംഭിക്കണമെന്നാവശ്യപ്പെട്ട് കരാറുകാരന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ കരാറുകാരൻ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കരാർ വ്യവസ്ഥ പ്രകാരം കരാറിലേർപ്പെട്ട് 10 ദിവസത്തിനുള്ളിൽ പ്രവൃത്തിക്കായി സ്ഥലം ഏറ്റുവാങ്ങേണ്ടതും സ്ഥലം ഏറ്റുവാങ്ങി 10 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതുമാണ്. ടെണ്ടർ പരസ്യച്ചെലവുൾപ്പെടെയുള്ള നഷ്ടം തിട്ടപ്പെടുത്തി കരാറുകാരനിൽ നിന്നും

ഈടാക്കേണ്ടതായിരുന്നു. കരാറുകാരനെതിരെ നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിച്ചശേഷം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ ടെണ്ടർ വിളിക്കേണ്ടതുമായിരുന്നു. എന്നാൽ നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് തുടർനടപടികൾ ഉണ്ടായിട്ടില്ല. അടിയന്തിര നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തിയാക്കേണ്ടതാണ്. ടി വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഭരണസമിതിയുടെയും പ്രത്യക ഇടപെടൽ ഉണ്ടാവേണ്ടതാണ്.

## 3-4 അങ്കണവാടി കെട്ടിടനിർമ്മാണം -തുടർ നടപടികളായില്ല

പ്രോജക്ട് നമ്പർ-159/18

അടങ്കൽ-50000

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

ബിൽ നമ്പർ-35/18 തീയതി 27.2.18

ഗ്രാമപഞ്ചായത്തിലെ പഞ്ഞിപ്പാലത്തുള്ള അങ്കണവാടി(നമ്പർ 33) ക്ക് കെട്ടിടം നിർമ്മിക്കുക എന്നതായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. ജി.ഒ (ആർ.റ്റി) 223/17/LSGD തീയതി 27.1.17 ലെ വ്യവസ്ഥകൾ പ്രകാരം മഹാത്മാ ഗാന്ധിദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി നിർവ്വഹിക്കുന്ന രീതിയിലാണ് പ്രോജക്ട് രൂപീകരിച്ചത്. ആയതിലേക്കായി സാമൂഹ്യക്ഷേമവകുപ്പ് വിഹിതമായി 200000 രൂപയും ജില്ലാപഞ്ചായത്ത് വിഹിതമായി 200000 രൂപയും തൊഴിലുറപ്പ് പദ്ധതി വിഹിതമായി 500000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 50000 രൂപയും വകയിരുത്തി.അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി സെക്ഷൻ ചെമ്പ്, തൊഴിലുറപ്പ് പദ്ധതി വൈക്കം ബ്ളോക്ക് അക്രഡിറ്റഡ് എഞ്ചിനീയർ എന്നിവർ സാങ്കേതികാനുമതി നൽകുകയും അസി.എക്സി. എഞ്ചിനീയർ വൈക്കം ബ്ളോക്ക് പ്രോജക്ട് അംഗീകരിക്കുകയും ചെയ്തു. ഗ്രാമപഞ്ചായത്ത് വിഹിതമായ 50000 രൂപ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് 27.2.18 ൽ ട്രാൻസ്ഫർ ചെയ്തു. എന്നാൽ നാളിതുവരെ പ്രോജക്ട് ആരംഭിച്ചിട്ടില്ല. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി രണ്ട് പ്രാവശ്യം ടെണ്ടർ ക്ഷണിച്ചിട്ടും ആരും പ്രതികരിക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കാൻ ഗ്രാമപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട് (22.9.18 ലെ 2(6)). സാമൂഹ്യക്ഷേമവകുപ്പ് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ലഭ്യമായതു സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് അറിവില്ല. പ്രോജക്ട് നാളിതുവരെ ആരംഭിക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 അസ്സൽ രസീത് ഹാജരാക്കാതെ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുന്നു

ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് ഡെപ്പോസിറ്റ് ചെയ്യുന്ന തുകകൾ അസ്സൽ രസീത് ഹാജരാക്കാതെ തിരികെ ആവശ്യപ്പെടുമ്പോൾ കമ്മിറ്റി തീരുമാനത്തിന്റെ മാത്രം അടിസ്ഥാനത്തിൽ നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടു. 2017-18 വർഷം ഇത്തരത്തിൽ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് ചെയ്ത വ്യക്തിയുടെ വിവരം | രസീത് നം. | തുക | ആവശ്യം |
|---|---|---|---|
| ഓമനക്കുട്ടപ്പണിക്കർ<br>ശിവപ്രിയയിൽ, മറവൻതുരുത്ത് | 117010100500/<br>18.05.17 | 1000 | റോഡ് കട്ടിംഗ് |
| സെക്രട്ടറി മേൽപ്പറമ്പത്ത് ദേവി ക്ഷേത്രം | 117010100502/<br>18.05.17 | 1000 | റോഡ് കട്ടിംഗ് |

| | | | |
|---|---|---|---|
| ശശി.റ്റി.വി<br>ഇടക്കരിയിൽ, കെ.എസ്.മംഗലം | 117010102327/<br>15.11.17 | 1000 | റോഡ് കട്ടിംഗ് |

ഇപ്രകാരം തുകകൾ തിരികെ നൽകുമ്പോൾ ഡെപ്പോസിറ്റ് രജിസ്റ്ററിൽ പ്രസ്തുത വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആയതിനാൽ പാർട്ടികൾ അസ്സൽ രസീതുമായി വീണ്ടും തുക ആവശ്യപ്പെട്ടാൽ ആയത് നൽകിയതോണോയെന്ന് ഉറപ്പാക്കാൻ സാധിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. തുടർന്നും വളരെയധികം അപേക്ഷകളിൽ രസീത് ഇല്ലാതെ ഇപ്രകാരം തുക തിരികെ നൽകുവാൻ കമ്മിറ്റി തീരുമാനം എടുത്തതായും കാണുന്നു.മേൽ സാഹചര്യങ്ങൾ പരിഗണിച്ച് അസ്സൽ രസീത് ഹാജരാക്കാതെ ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുന്ന പ്രവണത പരമാവധി ഒഴിവാക്കേണ്ടതും അടിയന്തിര സാഹചര്യങ്ങളിൽ ബോണ്ടിന്റെ അടിസ്ഥാനത്തിൽ മാത്രം തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-6 വനിതകൾ ഗുണഭോക്താക്കളായുള്ള പ്രോജക്ടുകളിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകി

2017-18 വർഷം, വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി ഓഫീസർ നടപ്പാക്കിയ താഴെപറയുന്ന പ്രോജക്ടുകളിൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ പുരുഷന്മാരേയും ഉൾപ്പെടുത്തി ആനുകൂല്യം നൽകിയിട്ടുള്ളതായി കാണുന്നു.

| പ്രോജക്ടിന്റെ നം./ പേര് | ഫണ്ട് | ചെലവ് | ഏതാനും ഗുണഭോക്താക്കളുടെ പേര് |
|---|---|---|---|
| 17/18കിഴങ്ങ് വർഗ്ഗ വിത്ത് വിതരണം (വനിത) | വികസനഫണ്ട് (ജനറൽ) | 270000 | ബാലകൃഷ്ണൻ,പാരേപ്പാടം |
| | | | ശശിധരൻ,ശ്യാംനിവാസ് |
| | | | മണിയപ്പൻ, പുതുക്കാട്ടുതറ |
| | | | സുകുമാരൻ, മൂന്ന്പറ |
| | | | സഹദേവൻ, തറയിൽ |
| ഔഷധ സസ്യകൃഷി (വനിത) | വികസനഫണ്ട് (ജനറൽ) | 17500 | വിജയചന്ദ്രൻനായർ, വിജയമന്ദിരം |
| | | | വിശ്വനാഥൻ, വിശ്വമന്ദിരം |
| | | | വിശ്വനാധൻ, കുമരങ്കേരിൽ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.4) ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട പുരുഷന്മാരായതിനാലാണ് ആനുകൂല്യം നൽകിയതെന്ന് കൃഷി ഓഫീസർ മറുപടി നൽകി. എന്നാൽ വനിതകൾക്കായി മാറ്റി വച്ചിട്ടുള്ള പ്രോജക്ടുകളിൽ പുരുഷന്മാർക്ക് ആനുകൂല്യം നൽകിയ ഗ്രാമസഭാ നടപടി ശരിയല്ല. ആയതിനാൽ വനിതകളുടെ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം വാങ്ങി അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങേണ്ടതാണ്. ഭാവിയിൽ വനിതാ ഘടകപദ്ധതിക്കായി മാറ്റിവെയ്ക്കുന്ന പ്രോജക്ടുകളിൽ വനിതകൾക്ക് മാത്രം ആനുകൂല്യം നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വീട്/ മുറി നിർമ്മാണം -ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

1.എസ്.സി. വിദ്യാർത്ഥികൾക്ക് പഠനമുറി

| | |
|---|---|
| പ്രോജക്ട് നം. | 82/18 |
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 900000 |
| ചെലവ് | 300000 |

പ്രസ്തുത പ്രോജക്ടിനായി 50000 രൂപ വീതം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

1. പുരുഷൻ.എൻ, കമ്പിവേലിക്കകത്ത്, കെ.എസ്.മംഗലം
2. ശശി, പുളിക്കത്തറ, കെ.എസ്.മംഗലം

2. വീട് വാസയോഗ്യമാക്കൽ (എസ്.സി)

| | |
|---|---|
| പ്രോജക്ട് നം. | 155/18 |
| നിർവ്വഹണോദ്യോഗസ്ഥ | വി.ഇ.ഒ |
| ഫണ്ട് | എസ്.സി.പി |
| അടങ്കൽ | 1500000 |
| ചെലവ് | 900000 |

പ്രസ്തുത പ്രോജക്ടിനായി 50000 രൂപ വീതം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ മുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

1.ബിന്ദു സുനിൽകുമാർ, ഏഴുപറയിൽ, കെ.എസ്.മംഗലം

2.വിലാസിനി, വാളോർമംഗലത്ത്, കെ.എസ്.മംഗലം

3.ബാബു.കെ.കെ, തേവർത്തടത്തിൽ, കെ.എസ്.മംഗലം

ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടിയായി നിർമ്മാണം പൂർത്തിയാക്കി വാല്യുവേഷൻ ലഭിക്കുന്ന മുറയ്ക്ക് ബാക്കി തുക നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 വിനിയോഗവിവരമില്ല -ചെലവ് തടസ്സപ്പെടുത്തുന്നു.

തൻവർഷം നിർവ്വഹണം നടത്തിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ വിനിയോഗവിവരം ലഭ്യമല്ലാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | ചെലവ് തുക | ബിൽ നമ്പർ/ തീയതി | തുക കൈപ്പറ്റിയത് | കരാർ തീയതി | റിമാർക്സ് |
|---|---|---|---|---|---|---|
| 3/18 | പി.എം.എ.വൈ അധികസഹായം | 60000 | 13/17-18 26.9.17 | ബി.ഡി.ഒ വൈക്കം | കരാറില്ല | - |

| | | | | | | |
|---|---|---|---|---|---|---|
| | | (വികസനഫണ്ട്) | | | | |
| 45/18 | സ്ട്രീറ്റ് ലൈൻ വലിക്കൽ | 699550 വികസനഫണ്ട്, ബ്ളോക്ക് വിഹിതം | 20/17-18 31.10.17 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ചെമ്പ് | 3/17, 10.10.17 | 30.12.18 ആണ് കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്. |
| 27/18 | തെരുവ് വിളക്കുകൾക്ക് മീറ്റർ | 248213 വികസനഫണ്ട് | 31/17-18 23.1.18 | അസി.എഞ്ചിനീയർ കെ.എസ്.ഇ.ബി ചെമ്പ് | 1/18, 8.1.18 | 31.8.18 ആയിരുന്നു കരാർ പ്രകാരമുള്ള പൂർത്തീകരണ കാലയളവ്. |
| 78/18 | കന്നുകുട്ടി പരിപാലനം | 312500 വികസനഫണ്ട് | 1/17-18 /31.10.17 | അസി.ഡയറക്ടർ, കാഫാഫീഡ് സബ്സിഡി, കോട്ടയം | | |
| | ആകെ | 1320263 | | | | |

പ്രവൃത്തികൾ കരാർ കാലയളവിൽ തന്നെ പൂർത്തിയാക്കുവാൻ ആവശ്യമായ ഇടപെടൽ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാവേണ്ടതാണ്. വിനിയോഗവിവരം ലഭ്യമാക്കുന്നത് വരെ 13,20,263/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-9 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിലെ ആകെയുള്ള 268 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നുണ്ട്. പദ്ധതി പ്രകാരം 2017-18 വർഷം തൊഴിൽ കാർഡിന് അപേക്ഷിച്ച 3873 പേർക്കും തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം 1472 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിക്കുകയും 1545 കുടുംബങ്ങൾക്ക് തൊഴിൽ ഡിമാന്റ് ചെയ്യുകയും ചെയ്തു. തൻവർഷത്തെ ലേബർ ബജറ്റ് പ്രകാരം 1145 പ്രോജക്ടുകൾ വിഭാവനം ചെയ്തതിൽ 310 എണ്ണത്തിന് സാങ്കേതികാനുമതി ലഭിക്കുകയും 278എണ്ണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. തൻവർഷം ആകെ 117423 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിന് മുൻഗണന നൽകിക്കൊണ്ട് വൃക്ഷത്തൈ വെച്ചുപിടിപ്പിക്കൽ, ഭൂവികസന പ്രവൃത്തികൾ, തോടുകളുടേയും കുളങ്ങളുടേയും പുനരുദ്ധാരണം, നീർത്തട പ്രവർത്തികൾ തുടങ്ങിയവ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ അയൽക്കൂട്ടം ഗ്രാമസഭ എന്നീ വേദികളിൽ ചർച്ച ചെയ്ത് രൂപപ്പെടുത്തിയിട്ടുള്ളതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഓഡിറ്റ് വർഷത്തിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങളിൽ നിന്നും സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ഫണ്ടിന്റെ വിനിയോഗ വിവരങ്ങൾ താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് വൈക്കം | 2017-18 | 200000 | തെരുവു വിളക്ക് ലൈൻവലിക്കൽ | 200000 |
| ബ്ളോക്ക് പഞ്ചായത്ത് വൈക്കം | 2017-18 | 100000 | പാലിയേറ്റീവ് കെയർ | 100000 |
| ബ്ളോക്ക് പഞ്ചായത്ത്, വൈക്കം | 2017-18 | 300000 | ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് | 300000 |
| ബ്ളോക്ക് പഞ്ചായത്ത് വൈക്കം | 2017-18 | 50000 | അനുപൂരക പോഷകാഹാരപദ്ധതി | 50000 |
| ബ്ളോക്ക് പഞ്ചായത്ത് വൈക്കം | 2017-18 | 97750 | നെൽകൃഷി വികസനം | 97750 |
| ബ്ളോക്ക് പഞ്ചായത്ത് വൈക്കം | 2017-18 | 100000 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 |
| ജില്ലാപഞ്ചായത്ത് കോട്ടയം | 2017-18 | 1092844 | ലൈഫ് ഭവനപദ്ധതി | 553486 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് ലൈൻവലിക്കൽ | 20/17-18 31.10.17 | 699550 | പൂർത്തീകരിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി | തെരുവു വിളക്കിന് മീറ്റർ | 31/17-18 23.1.18 | 248213 | ആരംഭിച്ചിട്ടില്ല. |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

തൻവർഷം വായ്പ തിരിച്ചടവിനത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആകെ എടുത്ത വായ്പ | 1.4.17 ൽ തിരിച്ചടക്കാനുള്ള തുക | 17-18 ൽ തിരിച്ചടച്ച തുക | തിരികെ അടയ്ക്കാൻ അവശേഷിക്കുന്ന മുതൽ | തിരികെ അടയ്ക്കാൻ അവശേഷിക്കുന്ന പലിശ. |
|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | | 2252050 | 1941547 | 310503 | 1559004 |

തിരികെ അടയ്ക്കാൻ അവശേഷിക്കുന്ന മുതൽ തുകയായ 3,10,503/- രൂപ 2018-19 ൽ അടവാക്കി ലോൺ ക്ളോസ് ചെയ്തിട്ടുണ്ട്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പലിശയിനത്തിൽ 15,59,004/- രൂപ തിരികെ അടയ്ക്കുവാനുണ്ട്.

## 4-5 സ്ഥിരനിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭ്യമായ തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2015-16 | 3.6 | 2725 | ഔസേഫ് വർഗ്ഗീസ്, കൺവീനർ | 117010100120/18.4.17 |
| 2015-16 | 3.6 | 6268 | സന്തോഷ് കുമാർ, കൺവീനർ | 117010100121/18.4.17 |
| 2015-16 | 2.3(9) | 2500 | സെക്രട്ടറി, ക്ഷീരോൽപ്പാദക സഹകരണ സംഘം | 117010100242/27.4.17 |
| 2015-16 | 2.3(11) | 900+900 | സെക്രട്ടറി, കയർ വ്യവസായ സഹകരണ സംഘം | 117010100843/08.6.17 |
| 2015-16 | 2.3(11) | 1020 | ടി.എസ് നമ്പർ 36 അക്കരപ്പാടം | 117010100863/09.6.17 |

| | | | | |
|---|---|---|---|---|
| 2015-16 | 2.3(11) | 1250 | ടി.എസ് നമ്പർ 36 അക്കരപ്പാടം | 117010100863/09.6.17 |
| 2015-16 | 2.3(11) | 1250 | ടി.എസ് നമ്പർ 36 അക്കരപ്പാടം | 117010100863/09.6.17 |
| 2015-16 | 2.3(3) | 1200 | Cvs no. 573 മറവൻതുരുത്ത് | 117010100956/15.6.17 |
| 2015-16 | 2.3(3) | 5000 | Cvs no. 573 മറവൻതുരുത്ത് | 117010100957/15.6.17 |
| 2015-16 | 2.2(4) | 1080 | Cvs no. 573 മറവൻതുരുത്ത് | 117010101012/19.6.17 |
| 2015-16 | 2.3(11) | 6800 | Kvcs 85, കുട്ടുമ്മേൽ | 117010101017/20.06.17 |
| 2015-16 | 2.3(6) | 5000 | Cvs no. 569 മറവൻതുരുത്ത് | 117010101090/24.6.17 |
| 2016-17 | 2-5 | 1370 | പി.വി.എം സൂപ്പർമാർക്കറ്റ് | 117010101498/16.8.17 |
| 2016-17 | 2.5 | 2740 | സെന്റ് മേരീസ് ചിറ്റ്സ് | 117010101609/31.8.17 |
| ആകെ | | 40003 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 99-00 | ഭാഗം 2,ഖണ്ഡിക 3 | 2004-05 | 3-5-5(1) | മണമേൽക്കടവ് പാലം-നിർമ്മാണ അപാകതകൾ | - |
| 09-10 | പ്രവർത്തനാവലോകനം | 2011-12 | - | കാർഷിക പദ്ധതിയും കൃഷിഭവനം,ശിശുക്ഷേമം | - |

## 4-8 ചാർജ്ജ്/ സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | **5,19,32,013** |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,90,79,697 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 13,70,263 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 50000 | ശ്രീമതി മീര എൻ.മേനോൻ, സെക്രട്ടറി |
| 3-8 | 1007763 | ശ്രീമതി മീര എൻ.മേനോൻ, സെക്രട്ടറി |
| | 312500 | ഡോ.ബി.അനിൽകുമാർ, വെറ്ററിനറി സർജൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ - ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ - ഇല്ല

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1999-00 ,00-01,01-02 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(1)/18/ 16.02.18 |
| 2002-03 ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(3)/18/ 09.01.18 |
| 2003-04ചെലവ് | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(4)/18/ 08.01.18 |
| 2004-05 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(5)/18/ 08.01.18 |
| 2005-06 | എൽ.എഫ്.കെ.പി6/1109/11 22.6.12 |
| 2006-07 | എൽ.എഫ്.കെ.പി6/1467/13 7.12.13 |
| 2007-08 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(6)/18/ 09.01.18 |
| 2008-09 | കെ.എസ്.എ.കെ.റ്റി.എം പി6(അദാ18)42(7)/18 09.01.18 |

| | |
|---|---|
| 2009-10 | കെ.എസ്.എ.കെ.റ്റി.എം.പി6/1264(1)/16/15.03.17 |
| 2010-11 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(1)/16/13.03.17 |
| 2011-12 | കെ.എസ്.എ.കെ.റ്റി.എം.പി6/1663(2)/16/25.04.17 |
| 2012-13 | എൽ.എഫ്.കെ.പി.6/988/14 /7.7.15 |
| 2013-14,2014-15 | കെ.എസ്.എ കെടിഎം പി6 /294/17 05.04.17 |
| 2015-16 | കെ.എസ്.എ കെടിഎം പി6/ 1788/16 16.08.17 |
| 2016-17 | കെ.എസ്.എ കെടിഎം പി6/ 1402/17 29.11.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കോട്ടയം, ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

# ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.-കെ.ടി.എം.പി.6-1964/2018 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:29.10.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മറവന്തുരുത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവു കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം